(സി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ബസ്സുകളിൽ കൂടുതൽ അപകടങ്ങൾ സംഭവിക്കുന്നത് കെ. എസ്.ആർ.ടി.സി.ബസ്സിനാണോ, സ്വകാര്യ ബസ്സിനാണോ എന്ന് നിരീക്ഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) കഴിഞ്ഞ നാലുവർഷത്തെ കണക്കു പരിശോധിച്ചാൽ കെ.എസ്. ആർ.ടി.സി.- സ്വകാര്യ ബസ്സുകൾ മുഖാന്തിരം ഉണ്ടായിട്ടുള്ള അപകടങ്ങൾ എത്ര വീതമാണ് ?

ഉത്തരം

(എ) 26293

(ബി) കെ. എസ്. ആർ. ടി. സി.ക്ക് 5496 -ഉം സ്വകാര്യ മേഖലയിൽ 20797 ബസ്സുകളും ഉണ്ട്. സർവ്വീസ് യോഗ്യമായി കെ. എസ്. ആർ. ടി. സി. ക്ക് 5496-ഉം സ്വകാര്യമേഖലയിൽ 20417 ബസ്സുകളും ഉണ്ട്.

(സി) നിരീക്ഷിച്ചിട്ടുണ്ട്. കൂടുതൽ അപടകടങ്ങൾ സംഭവിക്കുന്നത് സ്വകാര്യ ബസ്സുകൾക്കാണ്.

(ഡി) കഴിഞ്ഞ നാലുവർഷത്തിൽ കെ. എസ്. ആർ. ടി. സി. മുഖാന്തിരം 3858-ഉം സ്വകാര്യ ബസ്സുകൾ മുഖാന്തിരം 16980-ഉം അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ നടപടി

134 (5354) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ആകെ എത്രയെണ്ണം ഇൻഷ്വർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇൻഷ്വർ ചെയ്യാത്ത എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ; ഇവയിൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്ന എത്ര ബസ്സുകൾ ഉൾപ്പെടും ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇൻഷ്വർ ചെയ്യാത്ത പ്രസ്തുത ബസ്സുകൾക്ക് ഇൻഷ്വർ ചെയ്യുന്നതിന് ആകെ എത്ര തുക വേണ്ടി വരും ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. യുടേതായി നിരത്തിലോടുന്ന എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആകെ 2591 ബസ്സുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(ബി) ഇൻഷ്വർ ചെയ്യാത്ത ബസ്സുകൾ 2907 എണ്ണമുണ്ട്. ദീർഘദൂര ബസ്സുകളെല്ലാം തന്നെ ഇൻഷ്വർ ചെയ്തവയാണ്.

(സി) ഇൻഷ്വർ ചെയ്യാത്ത 2907 ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് എടുക്കുന്നതിന് 5.03 കോടി രൂപ വേണ്ടി വരും.

(ഡി) നിരത്തിലോടുന്ന എല്ലാ കെ. എസ്. ആർ. ടി. സി. ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുവാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ നിർവ്വാഹമില്ല. എന്നാൽ 7/2007 മുതൽ കെ. എസ്. ആർ. ടി. സി. ഇറക്കുന്ന എല്ലാ ബസ്സുകളും ഇൻഷ്വർ ചെയ്തിട്ടുള്ളവയാണ്.

കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കുള്ള ഇൻഷ്വറൻസ്

135 (5355) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കുള്ള ഇൻഷ്വറൻസ് സുരക്ഷിതത്വം ഏത് തരം ബസ്സുകളിലെ യാത്രക്കാർക്കാണ് ഇപ്പോൾ ലഭ്യമാക്കുന്നത് ; ഇതിനുവേണ്ട പ്രീമിയം തുക എത്ര ;

(ബി) ആക്സിഡന്റ് ക്ലെയിം ആയി വർഷംതോറും എത്ര രൂപയാണ് ശരാശരി നൽകിവരുന്നത് ;

(സി) നിലവിലുള്ള ബസ്സുകൾ പൂർണ്ണമായും ഇൻഷ്വറൻസ് സുരക്ഷയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിന് എത്ര രൂപ പ്രീമിയമായി അടയ്ക്കേണ്ടിവരും ;

(ഡി) അടയ്ക്കേണ്ട പ്രീമിയം ആക്സിഡന്റ് ക്ലെയിം തുകയുമായി താരതമ്യം ചെയ്ത് എല്ലാ ബസ്സുകളും ഇൻഷ്വർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ നിലവിലുള്ള ഫാസ്റ്റ് പാസഞ്ചറിനു മുകളിൽ സർവ്വീസ് നടത്തുന്ന എല്ലാ ബസ്സുകൾക്കും, പുതുതായി നിരത്തിലിറങ്ങുന്ന എല്ലാ ബസ്സുകൾക്കും നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്. ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്ന ഇനത്തിൽ പ്രതിവർഷം 5.07 കോടി രൂപ ചെലവ് വരും.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിവർഷം 10.5 കോടി രൂപ ശരാശരി നൽകി വരുന്നു.

(സി) നിലവിലുള്ള 5477 ബസ്സുകളും പൂർണ്ണമായി ഇൻഷ്വറൻസ് സുരക്ഷയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിന് പ്രതിവർഷം 10.3 കോടി രൂപ പ്രീമിയമായി അടയ്ക്കേണ്ടി വരും.

LIBRARY ARCHIVES Kerala Legislative Assembly